സബ്മിഷൻ

വ്യവസായശാലകൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരളത്തിന്റെ വ്യവസായ തലസ്ഥാനമാണ് എറണാകുളം ജില്ല. അവിടെ നിരവധി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും വൻകിട സ്വകാര്യ സ്ഥാപനങ്ങളും ചെറുകിട വ്യവസായ ശാലകളുമുണ്ട്. ഇതിൽ കൊച്ചിൻ റിഫൈനറി ഒഴിച്ചുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളൊക്കെത്തന്നെ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. തുറമുഖത്തിന്റെ വിഷയം ഞാൻ ഇതിനുമുമ്പ് സബ്മിഷനായി ഉന്നയിച്ചതാണ്. ഷിപ്പിയാർഡ് ഓഹരി വിൽപ്പനയുമായി ബന്ധപ്പെട്ട് പ്രതിസന്ധിയിലാണ്. എച്ച്.ഒ.സി. എന്ന സ്ഥാപനം അടച്ചുപൂട്ടാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തുകഴിഞ്ഞു. ഏതുനിമിഷവും അത് സംഭവിക്കാം. എഫ്.എ.സി.ടി-ക്ക് ഒരു പാക്കേജിന്റെ അടിസ്ഥാനത്തിൽ സഹായം നൽകാമെന്ന പ്രഖ്യാപനമല്ലാതെ, കഴിഞ്ഞ കേന്ദ്ര സർക്കാരും ഇപ്പോഴത്തെ കേന്ദ്ര സർക്കാരും ആ പാക്കേജ് നടപ്പിലാക്കാത്തതിനെത്തുടർന്ന് എഫ്.എ.സി.ടി. പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. എച്ച്.എം.ടി. യാണെങ്കിൽ ഏതുനിമിഷവും അടച്ചുപൂട്ടപ്പെടാം എന്ന സ്ഥിതിയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഈ നിലയിൽ

കേന്ദ്ര സർക്കാരുകൾ തുടർന്നുവന്ന നയങ്ങളുടെ ഫലമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വലിയ പ്രതിസന്ധി നേരിടുകയും ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടായിരിക്കുകയാണ്. സംസ്ഥാന പൊതു മേഖലയെ സംബന്ധിച്ച് പ്രധാനമായും ടി.സി.സി. നേരിടുന്നത് അവിടത്തെ വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. പല സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും അതിന്റെ കെടുകാര്യസ്ഥതമൂലം ഇന്ന് പ്രശ്നത്തിലായിരിക്കുകയാണ്. സ്വകാര്യ മേഖലയിലുള്ള ബിനാമി സിങ്ക് അടച്ചുപൂട്ടി, ശ്രീശക്തി പേപ്പർ മിൽ അടച്ചുപൂട്ടുന്നു. ഇപ്പോൾ വന്നിരിക്കുന്നൊരു പ്രശ്നം, പെരിയാർ നദിയിലെ വെള്ളമാണ് അവിടത്തെ വ്യവസായ ആവശ്യത്തിനും നഗരമടക്കമുള്ളവർ കുടിവെള്ളത്തിനും ഉപയോഗിക്കുന്നത്. ആ ജലത്തിൽ വലിയ വിഷം കലർന്നിട്ടുണ്ട്, അത് ഉപയോഗശൂന്യമാണ് എന്നുള്ള ഒരു പ്രചരണം കഴിഞ്ഞ ദിവസം ചിലർ അഴിച്ചുവിടുകയുണ്ടായി. അതുകൂടാതെ പാരിസ്ഥിതിക പ്രശ്നത്തിന്റെ പേരിൽ ചില സംഘടനകൾ നിരവധി വ്യവസായ ശാലകൾ അടച്ചുപൂട്ടുന്നതിനുവേണ്ടി ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ചിലർ പ്രക്ഷോഭവും ആരംഭിച്ചിട്ടുണ്ട്. ഇതെല്ലാം ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ആശങ്ക ഉയർത്തിയിരിക്കുകയാണ്. വ്യവസായ ശാലകൾ ഒന്നൊന്നായി

അടച്ചുപൂട്ടുന്നതിലേയ്ക്ക് എത്തിച്ചേർന്നിരിക്കുകയാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡ് ഇക്കാര്യത്തിൽ ജാഗ്രതാ പൂർണ്ണമായൊരു സമീപനം സ്വീകരിക്കുന്നില്ല. ഇതെല്ലാം വച്ചുകൊണ്ട് ഇന്ന് വ്യവസായ മേഖലയിലെ തൊഴിലാളികൾ ഒന്നടങ്കം പ്രതിഷേധാർത്ഥം പ്രകടനം നടത്തികൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെട്ടുകൊണ്ട് എറണാകുളം ജില്ലയിലെ വ്യവസായ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണാനാവശ്യമായ തീരുമാനമുണ്ടാകണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യമേഖലയിലുള്ള ചില വ്യവസായ സ്ഥാപനങ്ങളും പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത, അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം, വർദ്ധിച്ചുവരുന്ന ഉല്പാദനചെലവ്, ഗെയിലിന്റെ പൈപ്പിടൽ നടപടികൾ പൂർത്തിയാക്കുവാൻ കഴിയാത്തത് തുടങ്ങിയവയൊക്കെയാണ് ഈ പ്രതിസന്ധിക്ക് കാരണമാകുന്ന ചില ഘടകങ്ങൾ. ഇവിടെ ബഹുമാന്യനായ അംഗം HOC-യെയും HMT-യെയും FACT-യെയുമൊക്കെ

പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. സംസ്ഥാന പൊതുമേഖലാ സ്ഥാപനത്തിന്റെയും ചില സ്വകാര്യ സ്ഥാപനങ്ങൾ അടഞ്ഞുപോയതിനെക്കുറിച്ചും പറയുകയുണ്ടായി. അദ്ദേഹം ചൂണ്ടിക്കാണിച്ച ഒരു വിഷയം, പെരിയാറിൽ വലിയതോതിൽ വിഷം കലരുന്നുവെന്നൊരു വാർത്ത പത്രത്തിൽ കാണാനിടയായി. യാദൃശ്ചികമായി അന്ന് ഞാൻ എറണാകുളത്തുള്ള ദിവസമായിരുന്നു. അതിനെക്കുറിച്ച് ഗൗരവമായി അന്വേഷിക്കണമെന്ന് കളക്ടറോട് ഞാൻ പറഞ്ഞിരുന്നു. അതിനെക്കുറിച്ച് പിന്നീട് കളക്ടറോട് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, ആവശ്യമായ പരിശോധനയൊക്കെ നടത്തിയെന്നും വെള്ളത്തിൽ വിഷാംശമില്ല, യാതൊരു കുഴപ്പവുമില്ലെന്നാണ്. ഇത് ബോധപൂർവ്വം ആരോ പ്രചരിപ്പിച്ചതെന്നാണ്. അന്നത്തെ പത്രത്തിൽ വന്ന ഒരു വാർത്ത അന്വേഷിച്ചതിന്റെ ഭാഗമായി വിഷം കണ്ടെത്തിയെന്നാണ്. വെള്ളത്തിൽ വിഷമൊന്നുമില്ല ഒരു തരത്തിലുമുള്ള കുഴപ്പവുമില്ലെന്നും അക്കാര്യം ഞാൻ യോഗം വിളിച്ച് പറയാൻ പോകുകയാണെന്നുമാണ് കളക്ടർ എന്നോട് പറഞ്ഞത്. ആവശ്യമായ പ്രസിദ്ധീകരണം കൊടുക്കണമെന്ന് ഞാൻ പറഞ്ഞു, കാരണം ആളുകളാകെ ഭീതിയിലായിരിക്കും. പെരിയാറിലാകെ വിഷമാണ് എന്നുപറഞ്ഞാലുണ്ടാകുന്ന ഭീതി എത്രയായിരിക്കും. ഇവിടെ വ്യവസായങ്ങൾ

പാരിസ്ഥിതിക പ്രശ്നങ്ങൾക്കുണ്ടാക്കരുത് എന്നുള്ളത് ശരിയാണ്. അതിലെന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. പക്ഷേ അനാവശ്യമായ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് വ്യവസായങ്ങൾ അടച്ചുപൂട്ടുന്ന ഒരു നീക്കം അനുവദിക്കാൻ കഴിയില്ല. അങ്ങനെയും ചില നീക്കങ്ങൾ ഈ ഭാഗത്തുവരുന്നുണ്ട് എന്നാണ് തോന്നുന്നത്. ഒന്ന് രണ്ട് വ്യവസായങ്ങൾ അടഞ്ഞുപോയ സാഹചര്യത്തിൽ പ്രവർത്തിച്ചുപോകുന്ന വ്യവസായങ്ങൾ തന്നെ അടഞ്ഞുപോകുമോ എന്ന ആശങ്കയിലായിരിക്കാം തൊഴിലാളികൾ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പ്രതിഷേധവുമായി രംഗത്തുവന്നിട്ടുള്ളത്. സംയുക്ത ട്രേഡ് യൂണിയനുകൾ ഒന്നിച്ചുതന്നെ ഇക്കാര്യത്തിൽ സർക്കാരിന് നിവേദനം നൽകുന്നതും കാണുകയുണ്ടായി. കാരണം അവർക്ക് ഇത്തരമൊരു ആശങ്കയാണുള്ളത്. ആ ആശങ്ക വേണ്ടതായിട്ടില്ല. തെറ്റായ ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. ഏതെങ്കിലും തിരുത്തേണ്ട കാര്യങ്ങളുണ്ടെങ്കിൽ തിരുത്തണമെന്ന് വ്യവസായത്തോട് ആവശ്യപ്പെടുക എന്നല്ലാതെ പെട്ടെന്ന് തന്നെ അടച്ചുപൂട്ടുക എന്നതല്ല അതിനുള്ള പരിഹാരം. ഇക്കാര്യത്തിൽ മറ്റു തരത്തിലുള്ള ഒരു ആപത്കരമായ അവസ്ഥയുമില്ലെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ ഗൗരവമായിട്ടുള്ള മറ്റ്

പ്രശ്നങ്ങളാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഇതിന്റെ ഭാഗമായിട്ടുള്ളതല്ല. അത് വേറെ നയപരമായിട്ടും മറ്റും സംരക്ഷിക്കപ്പെടേണ്ട കാര്യങ്ങൾ നിലകൊള്ളുന്നതാണ്. ഏതായാലും ഇക്കാര്യത്തിൽ സർക്കാർ അങ്ങേയറ്റം ഗൗരവമായി തന്നെയാണ് കാര്യങ്ങൾ കാണുന്നത്.

പി.എസ്.സി. നിയമനങ്ങളിൽ വിധവകൾക്ക് സംവരണം

ശ്രീ. ആർ. രാജേഷ്: സർ, സർക്കാർ സർവ്വീസിൽ പി.എസ്.സി. വഴി നടക്കുന്ന നിയമനങ്ങളിൽ വൈധവ്യം നേരിടുന്ന സ്ത്രീകൾക്ക് പ്രത്യേക സംവരണം കൊടുക്കണമെന്നതാണ് എന്റെ സബ്മിഷൻ. വളരെ ചെറിയ പ്രായത്തിൽ 35 വയസ്സിൽ താഴെ ഈ നിലയിലേയ്ക്ക് മാറ്റപ്പെടുന്ന സ്ത്രീകളാണ് ഈ വിഭാഗത്തിലുള്ളത്. ഈ പ്രായത്തിൽ വൈധവ്യം നേരിടുന്ന സ്ത്രീകളുടെ സാമ്പത്തികമായ, മാനസികമായ, സാമൂഹികമായ പ്രശ്നങ്ങൾ നമുക്ക് ഊഹിക്കാൻ കഴിയുന്നതിനുമൊക്കെ അപ്പുറത്താണ്. ഇത് കേരളത്തിലെ സ്ത്രീകളുടെ വളരെ ചെറിയ ശതമാനം മാത്രമേയുണ്ടാകുകയുള്ളൂ. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന ഈ വിഭാഗത്തിൽപ്പെടുന്ന വളരെ ചെറിയ ശതമാനത്തിന്റെ പ്രശ്നമാണ്. ഒരു ശതമാനം പോലുമുണ്ടാകില്ല, 0.1 ശതമാനം പോലും ഒരു പക്ഷേയുണ്ടാകില്ല.

ഇത്തരം വീട്ടുകളിലേയ്ക്കൊക്കെ നമ്മളൊക്കെ എം.എൽ.എ.-മാർ നിരവധി തവണ പോകുന്നവരാണ്. ഈ പ്രായത്തിലുള്ള സ്ത്രീകൾ വളരെ ചെറിയ കുട്ടികളുമായി വളരെയധികം സാമ്പത്തിക പ്രതിസന്ധിയൊക്കെ അനുഭവിച്ചുകൊണ്ട് മുന്നോട്ടുപോകുമ്പോൾ ഭരണഘടനാപരമായി ജീവിക്കാനാവശ്യമായ ഒരു കരുത്താണ് ഗവൺമെന്റ് ഇക്കാര്യത്തിലൂടെ പകർന്നുകൊടുക്കേണ്ടത്. ഈ വിഷയത്തെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങൾ അനുസരിച്ച് പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗം, ഒ.ബി.സി. എന്നീ വിഭാഗങ്ങൾക്കുള്ള ജാതി സംവരണം മാത്രമാണ് നിലവിലുള്ളത്. ഇതുകൂടാതെ അംഗപരിമിതരായവർക്ക് 3% സംവരണം അനുവദിക്കുന്നുണ്ട്. പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളിൽ വിധവകൾക്ക് നിശ്ചിത ശതമാനം പ്രത്യേക സംവരണം നൽകുന്നതിന് നയപരമായ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല. എന്നാൽ സർക്കാർ സർവ്വീസിലെ നിയമനങ്ങളിൽ വിധവകൾക്ക് ഉയർന്ന പ്രായപരിധിയിൽ

അഞ്ചുവർഷത്തെ ഇളവ് അനുവദിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

പ്രതികളെ അറസ്റ്റ് ചെയ്യൽ

ശ്രീ. വി. റ്റി. ബൽറാം: സർ, എന്റെ മണ്ഡലത്തിലെ തിരുമിറ്റക്കോട് പഞ്ചായത്തിലെ ചെരിപ്പൂർ എന്ന പ്രദേശത്ത് വീട്ടമ്മയെ ഒരു സംഘമാളുകൾ (അയൽപ്പക്കക്കാരും നാട്ടുകാരുമൊക്കെ തന്നെയാണ്) നിരന്തരമായി പീഡിപ്പിച്ച ഒരു വാർത്ത പുറത്തുവരികയുണ്ടായി. ഞാൻ ഇരയുടെ പേരോ മറ്റു വിശദാംശങ്ങളോ ഇവിടെ പറയുന്നില്ല. താങ്കൾക്ക് അറിയാവുന്നതാണ്, പോലീസ് റെക്കോർഡ്സിലുള്ളതാണ്. ഏതാണ്ട് 35 വയസ്സായിട്ടുള്ള ഈ സ്ത്രീ മാനസികാസ്വാസ്ഥ്യത്തിന് ചികിത്സ തേടുന്ന ആൾ കൂടിയാണ്, ഡിപ്രഷനുമായി ബന്ധപ്പെട്ട് വർഷങ്ങളായി മരുന്നുകഴിക്കുന്ന ആളാണ്. ഇന്റർനെറ്റ് ദുരുപയോഗപ്പെടുത്തി ഒരാൾ ഇവരെ ചൂഷണം ചെയ്യുന്നു. ഇത് നാട്ടിലെ കുറച്ച് ആളുകൾ അറിയുന്നു. അവർ ഇരയുടെ ഭാഗത്തു നിൽക്കാനോ ഈ പ്രശ്നത്തിന് അറുതി വരുത്താനോ ശ്രമിക്കാതെ അവരും ഈ വിവരം വച്ചുകൊണ്ട് ബ്ലാക് മെയിൽ ചെയ്തുകൊണ്ട് ഇവരെ പീഡിപ്പിക്കുന്നു. ഇത് കൂടുതൽ ആളുകൾ അറിയുന്നു. അവരും

ഇതേ രീതിയിൽ തുടരുന്നു. ഇങ്ങനെ പത്ത് പന്ത്രണ്ടാളുകൾ മാനസികരോഗിയായ ഒരു സ്ത്രീയെ മാസങ്ങളോളം പീഡിപ്പിച്ച ഒരു വിഷയമാണ് ഉയർന്നുവന്നിരിക്കുന്നത്. ഈ നോട്ടീസ് ഒരാഴ്ച മുമ്പ് നൽകിയതാണ്. അന്ന് നോട്ടീസ് നൽകുന്ന സമയത്ത് ഏതാണ്ട് പന്ത്രണ്ടോളം പ്രതികളുള്ളതിൽ ഒരാളെ മാത്രമാണ് അറസ്റ്റ് ചെയ്തിരുന്നത്. പല തരത്തിലുള്ള രാഷ്ട്രീയ സമ്മർദ്ദങ്ങളും ഇതുമായി ബന്ധപ്പെട്ടുണ്ടാകാൻ സാധ്യതയുണ്ട്. പക്ഷേ ഇപ്പോൾ കുറച്ച് ആളുകളെ കൂടി അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാലും ഇനിയും അറസ്റ്റ് ചെയ്യപ്പെടാൻ പ്രതികൾ ബാക്കിയാണ്. അതിൽ ചില ആളുകൾ വിദേശത്തേയ്ക്ക് കടന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഈ കേസ് വളരെ ഗുരുതരമായി കൈകാര്യം ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ആദ്യമായി സൂചിപ്പിക്കുവാനുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രിയാണ് ഇതിന് മറുപടി നൽകുന്നത് എന്നുള്ളതുകൊണ്ട് സാന്ദർഭികമായിട്ട് ഒരു കാര്യം കൂടി അങ്ങയുടെ പരിഗണനയ്ക്കുവേണ്ടി ചൂണ്ടിക്കാണിക്കുകയാണ്. പ്രതിപക്ഷ സമരവുമൊക്കെയായി ബന്ധപ്പെട്ട് നിരവധി വിദ്യാർത്ഥി-യുവജന സംഘടനാ നേതാക്കന്മാർ പലതരത്തിലുള്ള ജനാധിപത്യ പ്രതിഷേധങ്ങളുമായി മുന്നോട്ടുപോകുന്നുണ്ട്. കരിങ്കൊടി കാണിക്കുന്നത് വലിയൊരു അപരാധമല്ല എന്ന് താങ്കൾ തന്നെ ഒരിക്കൽ പറയുകയുണ്ടായി. പക്ഷേ താങ്കളുടെ പോലീസ് മറിച്ചൊരു

സമീപനമാണ് സ്വീകരിക്കുന്നത്. മലപ്പുറത്തെ യൂത്ത് കോൺഗ്രസ് പ്രസിഡന്റ് റിയാസ് മുക്കോളി അടക്കമുള്ളയാളുകൾ കരിങ്കൊടി കാണിച്ചുവെന്നുള്ള കുറ്റത്തിന് ഇപ്പോഴും മഞ്ചേരി ജയിലിൽ റിമാന്റിലാണ്. ഈ രീതിയിലുള്ള ഒരു സമീപനം താങ്കൾക്കില്ല എന്ന് പറയുമ്പോഴും താങ്കളുടെ കീഴിലുള്ള പോലീസ് ഗുരുതരമായ കേസ് ചാർജ്ജ് ചെയ്ത് റിമാന്റ് ചെയ്യുന്നുണ്ട്. അക്കാര്യം കൂടി താങ്കൾ ഒന്ന് പരിശോധിക്കണം. യാതൊരു തരത്തിലുള്ള പൊതുമുതലും നശിപ്പിക്കാതെ വളരെ സമാധാനപരമായി സമരം ചെയ്യുന്നയാളുകളെ ഇത്തരത്തിലുള്ള കേസുകളിൽപ്പെടുത്തി റിമാന്റ് ചെയ്യുന്ന പ്രവണത അവസാനിപ്പിക്കാൻവേണ്ടി കൂടി താങ്കൾ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പാലക്കാട് ജില്ലയിലെ ചെരിപ്പൂർ എന്ന സ്ഥലത്ത് താമസിക്കുന്ന മാനസിക രോഗിയായ സ്ത്രീയെ രജീഷ്, മണി, ജംഷീർ, നാസർ, മുത്തു, അബ്ബാസ്, റഹീം, മുസ്തഫ, ആബിദ്, അർഷാദ്, സാജു അങ്ങനെ 11 പേർ 12.07.2016 മുതൽ 24.09.2016 വരെയുള്ള പല ദിവസങ്ങളിൽ ബലാത്സംഗത്തിനിരയാക്കിയ സംഭവത്തിന് ചാലിശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പരാതിക്കാരിയുടെ സഹോദരൻ സ്റ്റേഷനിൽ അറിയിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ 29.09.2016-

ന് പരാതിക്കാരിയുടെ കറുകപ്പുത്തുരുള്ള വീട്ടിൽച്ചെന്ന് മൊഴി രേഖപ്പെടുത്തിയശേഷമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ കേസിലെ ഏഴ് പ്രതികളെ അറസ്റ്റ് ചെയ്ത് ഒറ്റപ്പാലം സബ് ജയിലിൽ റിമാന്റിൽ കഴിഞ്ഞുവരികയാണ്. ഇതിൽ രണ്ടുപേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ മുൻകൂർ ജാമ്യത്തിന് അപേക്ഷിച്ചിട്ടുണ്ട്. കേസ് അന്വേഷിക്കുന്നതിന് പട്ടാമ്പി സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. ഇതിൽ പിടികൂടാനുള്ള പ്രതികളെ കണ്ടെത്തുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

ചികിത്സാ ധനസഹായം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളത്തിലെ ലക്ഷക്കണക്കായ രോഗികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിനുവേണ്ടി അപേക്ഷ നൽകി കാത്തിരിക്കുകയാണ്. ഇതിൽ ഒരു ലക്ഷത്തോളം രോഗികൾ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിലും തെരഞ്ഞെടുപ്പ് സമയത്തും അപേക്ഷ നൽകി ഇതുവരെയും ഒരു മറുപടി പോലും ലഭിക്കാതെ കാത്തിരിക്കുന്നുണ്ടെന്നുള്ളതാണ് റിപ്പോർട്ട്. സെപ്റ്റംബർ 1-ന് മലയാള മനോരമ പത്രത്തിൽ 'കനിവ് കാട്ടണേ സർക്കാരേ' എന്നുള്ള പംക്തിയിൽ ഇക്കാര്യം വളരെ

വിശദമായി പറഞ്ഞിട്ടുണ്ട്. ക്യാൻസർ രോഗികൾ, കിഡ്നി പേഷ്യന്റ്സ്, കിഡ്നി മാറ്റിവയ്ക്കുന്ന രോഗികൾ, ഹൃദയ ശസ്ത്രക്രിയ, കരൾമാറ്റിവയ്ക്കൽ തുടങ്ങിയ പത്തും ഇരുപതും ലക്ഷം രൂപ ചികിത്സയ്ക്കായി ചെലവുവരുന്ന രോഗികൾ ഓപ്പറേഷനും മറ്റും നടക്കുന്നതിനുമുമ്പ് തന്നെ അപേക്ഷ നൽകുകയാണ്. മതിയായ രേഖകളും കളക്ടർമാരുടെ റിപ്പോർട്ടും സഹിതം അപേക്ഷ നൽകി മാസങ്ങളായിട്ടും അവർക്ക് ധനസഹായം ലഭിച്ചിട്ടില്ലെന്നുമാത്രമല്ല വ്യക്തമായ ഒരു മറുപടി പോലും കിട്ടുന്നില്ല. ഈ കൂട്ടത്തിൽ മലയാള മനോരമ റിപ്പോർട്ട് ചെയ്ത ഒരു കാര്യം കൂടിയുണ്ട്. കോഴിക്കോട് നിന്നുള്ള അപേക്ഷകയുടെ ബന്ധുവാണെന്ന് പരിചയപ്പെടുത്തി ദുരിതാശ്വാസ ഫണ്ട് സെല്ലിലേയ്ക്ക് ഫോൺ വിളിച്ചപ്പോൾ ലഭിച്ച മറുപടി, കെട്ടികിടക്കുന്ന അപേക്ഷകൾ എടുക്കണമോ വേണ്ടയോയെന്നെന്നും മുഖ്യമന്ത്രി പറഞ്ഞിട്ടില്ല. പഴയ മുഖ്യമന്ത്രിക്ക് കൊടുത്ത അപേക്ഷയല്ലേ ചിലപ്പോൾ എടുക്കാം എടുക്കാതിരിക്കാം ഏതായാലും നിങ്ങൾ പുതിയ ഒരു അപേക്ഷ കൂടി കൊടുക്കുന്നതാണ് നല്ലതെന്നുള്ള മറുപടിയാണ് കിട്ടിയതെന്ന് മലയാള മനോരമ റിപ്പോർട്ട് ചെയ്തത്. രോഗികൾക്കും രോഗത്തിനും രാഷ്ട്രീയമില്ല. അപേക്ഷയുടെ കാര്യത്തിൽ മുഖ്യമന്ത്രി എന്ത് തീരുമാനം പറയുന്നുവെന്ന് അറിയാൻ താൽപ്പര്യമുണ്ട്. അപേക്ഷ കൊടുത്ത രോഗികളിൽ പലരും മരിച്ചുപോയവരുണ്ട്. ഇവർ വീട്ടുംമറ്റും

പണയം വച്ച് ചികിത്സ നടത്തിയതിന്റെ ഫലമായി ലക്ഷക്കണക്കിന് രൂപയുടെ കട ബാധ്യതയാണ് വന്നിട്ടുള്ളത്. അവസാനം മരിച്ചുപോയതിന്റെ പേരിൽ അവർക്ക് തുക കിട്ടാത്ത അവസ്ഥയുമുണ്ട്. പ്രകോപിതനല്ലാത്ത മുഖ്യമന്ത്രി, അങ്ങേയറ്റം കരുണയും ആർദ്രതയുള്ള മനസ്സിന്റെ ഉടമയാണ് മുഖ്യമന്ത്രിയെന്ന് കേട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കനിവ് കാട്ടണേയെന്ന അപേക്ഷ ഇവിടെ സമർപ്പിച്ചുകൊണ്ട് എന്റെ സബ്മിഷൻ അവതരിപ്പിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത്തരം കാര്യങ്ങളൊന്നും രാഷ്ട്രീയമായി കൈകാര്യം ചെയ്യേണ്ടതല്ല. യഥാർത്ഥത്തിലുള്ള പ്രശ്നം എന്താണെന്നുള്ളത് ഉന്നയിച്ചാൽ അതിന് പരിഹാരം കാണുന്നതിന് ആർക്കും ഒരു തടസ്സവുമുണ്ടാകില്ല. ബഹുമാന്യനായ ടി. വി. ഇബ്രാഹിമിന് അദ്ദേഹത്തിന്റെ അനുഭവത്തിൽ ഏതെങ്കിലും ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ കഴിയുമോ? അതല്ലേ വേണ്ടത്; അദ്ദേഹത്തിന്റെ അനുഭവത്തിൽ, എന്റെ അയൽവക്കത്ത് എന്റെ മണ്ഡലത്തിൽ, എനിക്ക് അറിയാവുന്ന ഇന്ന ആൾ അപേക്ഷ കൊടുത്തിട്ടും അതിന് മറുപടിയില്ല, നടപടിയുമില്ല ഇതല്ലേ പറയേണ്ടത്. അതിനുപകരം ഇവിടെ എന്താണ് ചൂണ്ടിക്കാണിച്ചത്. ഞാൻ ആ കാര്യത്തിലേയ്ക്ക് പോകുന്നില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അഭ്യർത്ഥിച്ച് മുൻ

സർക്കാരിന്റെ കാലത്തും പെരുമാറ്റച്ചട്ടം നിലവിൽ വന്നപ്പോഴുമായി ലഭിച്ച ഏകദേശം 8000 അപേക്ഷകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്നത്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് തുക അനുവദിച്ചു വരികയാണ്. അതിൽ മിക്കവാറും അനുവദിച്ച് കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ജില്ലാ കളക്ടർമാരുടേത് 2000 രൂപയിൽ നിന്ന് 10000 രൂപയായും റവന്യൂ വകുപ്പ് മന്ത്രിയുടേത് 5000 രൂപയിൽ നിന്ന് 25000 രൂപയായും മുഖ്യമന്ത്രിയുടേത് ഒരു ലക്ഷം രൂപയിൽ നിന്ന് മൂന്ന് ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൊണ്ട് ബഹുഭൂരിപക്ഷം അപേക്ഷകളും ജില്ലാ കളക്ടർമാരുടെ തലത്തിൽ തന്നെ തീർപ്പാക്കാനും ധനസഹായം വേഗത്തിൽ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. ദുരിതാശ്വാസ സഹായ ധനം അപേക്ഷകർക്ക് എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. എന്തെങ്കിലും കുറവുകൾ ഇക്കാര്യത്തിൽ സംഭവിക്കുന്നുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സർക്കാരിനെ സംബന്ധിച്ചിടത്തോളം ഒരു വൈമനസ്യവുമില്ല. കാരണം ഇത് അങ്ങേയറ്റം

സഹതാപം അർഹിക്കുന്നവരുടെ കാര്യമാണ്.

'ഓണംകളി പ്രോത്സാഹിപ്പിക്കൽ '

ശ്രീ. ബി. ഡി. ദേവസ്സി: സർ, കേരളത്തിൽ പ്രത്യേകിച്ച് മദ്ധ്യ കേരളത്തിലെ പ്രധാന പ്രാചീന കലകളിലൊന്നായ ഓണംകളി അന്യം നിന്ന് പോകാതിരിക്കുന്നതിനും ആയിരക്കണക്കിന് സാധാരണക്കാരായ കലാസ്നേഹികളുടെ ആവേശമായ മുഖ്യമായും അടിസ്ഥാന വർഗ്ഗത്തിന്റെ കലാരൂപമായ ഓണംകളിയെ പ്രോത്സാഹിപ്പിക്കുന്നതിനും നിലവിൽ സർക്കാർ തലത്തിൽ യാതൊരു സംവിധാനങ്ങളുമില്ല. ഒരേസമയം അമ്പതോളം പേർ ടീമായി പാട്ടും ചടുലമായ ചുവടുവയ്പ്പുകളുമായി അവതരിപ്പിക്കുന്ന ഓണംകളിയെ പുലിക്കളി, വള്ളംകളി എന്നിവയെ പോലെ സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകി നിലനിർത്തേണ്ടത് അത്യാവശ്യമാണ്. വിവിധ ടീമുകൾ തമ്മിൽ നടക്കുന്ന ഓണംകളി മത്സരങ്ങൾ ഓണക്കാലത്ത് തൃശ്ശൂർ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നല്ല രീതിയിൽ നടത്തിവരുന്നുണ്ട്. വലിയ സാമ്പത്തിക ബാധ്യത വരുന്ന ഓണംകളി മത്സരത്തിന്റെ സംഘാടനത്തിനും മാസങ്ങളോളം നീണ്ടുനിൽക്കുന്ന പരിശീലനത്തിനും സാമ്പത്തിക സഹായം അനുവദിക്കേണ്ടതുണ്ട്. നിർദിഷ്ട കലാഭവൻ മണി സ്മാരകം ചാലക്കുടിയിൽ യാഥാർത്ഥ്യമാകുമ്പോൾ ആയത്

ഫോക്‌ലോർ അക്കാദമിയുടെ കീഴിൽ നാടൻ പാട്ടുകളുടെ ഗവേഷണ പഠന കേന്ദ്രമാക്കി മാറ്റുന്നതിനും നാടൻ പാട്ടിനും ഓണ പാട്ടിനും പുതുജീവൻ നൽകിയ അനുഗ്രഹീത കലാകാരൻ കലാഭവൻ മണിയുടെ നാമധേയത്തിൽ ഒരു പുരസ്കാരം ഏർപ്പെടുത്തി ഓണംകളിക്ക് സംസ്ഥാന തലത്തിൽ മത്സരം സംഘടിപ്പിക്കുന്നതിനും ഓണം കളിയെ സർക്കാർ അംഗീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സംസ്ഥാനത്ത് വിശേഷിച്ച് മദ്ധ്യ കേരളത്തിൽ അന്യംനിന്നുപോകുന്ന ഒരു പ്രാചീന കലാരൂപമായ ഓണംകളിയെ നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള കേരള ഫോക്‌ലോർ അക്കാദമി മുഖേന പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. പുലികളി, വള്ളംകളി തുടങ്ങിയ കലാരൂപങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്ന മാതൃകയിൽ ഒരു ടീമിൽ 50-ഓളം പേർ ഒന്നിച്ച് പങ്കെടുക്കുന്ന ഓണംകളിയെ നിലനിർത്തുന്നതിനായി ഗ്രാന്റ് അനുവദിക്കുന്നതിന് കേരള ഫോക്‌ലോർ അക്കാദമി മുഖേന പരിശോധിക്കുന്നതാണ്. ചാലക്കുടിയിൽ അനുവദിച്ച കലാഭവൻ മണി സ്മാരകം 50

ലക്ഷം രൂപയുടേതാണ്. ഫോക്‌ലോർ അക്കാദമിക്ക് കീഴിൽ ഒരു ഉപ കേന്ദ്രമാക്കി മാറ്റുന്നതിനും നാടൻ പാട്ട്, ഓണംകളിപാട്ട് രചയിതാവും ഗായകനും നടനുമായ കലാഭവൻ മണിയുടെ പേരിൽ സംസ്ഥാനതല ഓണംകളി മത്സരം നടത്താൻ സാമ്പത്തിക സഹായം നൽകുന്നതിന് കേരള ഫോക്‌ലോർ അക്കാദമി മുഖേന നടപടികൾ സ്വീകരിക്കുന്നതാണ്.

മാനുവൽ ഡ്രെഡ്ജിംഗിന് അനുമതി

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, പോർട്ടുകളുമായി ബന്ധപ്പെടുത്തി മണൽ എടുക്കുന്ന വിഷയമാണ് അവതരിപ്പിക്കുന്നത്. ബേപ്പൂർ പോർട്ടിലെ നദിയിൽ നിന്ന് മണൽ ഡ്രെഡ്ജിംഗ് പ്രവർത്തനം 2012 മുതൽ തുടങ്ങിയതാണ്. കോർപ്പറേഷനും പഞ്ചായത്തുകളും അന്ന് പ്രവർത്തിച്ചുകൊണ്ടിരുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മണൽ അനുവദിച്ചിരുന്നു. പ്രസ്തുത സ്ഥാപനം പരമ്പരാഗതമായി ഡ്രെഡ്ജിംഗ് പ്രവർത്തനം നടത്തുന്ന ആളുകളെ വച്ച് നല്ല നിലയിൽ പോർട്ടിന്റെ വ്യവസ്ഥകളെല്ലാം പാലിച്ചുകൊണ്ട് ഡ്രെഡ്ജിംഗ് പ്രവർത്തനം നടത്തിവന്നിരുന്നതാണ്. മണൽ കൊടുക്കുന്നത് പഞ്ചായത്ത്/ കോർപ്പറേഷൻ മെമ്പർമാരുടെ അറിവോടുകൂടി അവരുടെ ആവശ്യപ്രകാരം ആവശ്യക്കാരെ കണ്ടുപിടിച്ച് വളരെ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്.

എന്നാൽ ജി.ഒ.(എം.എസ്.) നം. 54/2013 പ്രകാരം 16-08-2013-ൽ സർക്കാർ ഒരു ഉത്തരവിറക്കി. ഈ ഉത്തരവ് മണൽ മാഫിയകൾ ഈ പ്രവർത്തനത്തിൽ കടന്നുകൂടാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും വ്യവസ്ഥാപിതമായി പ്രവർത്തിച്ച ലേബർ കോൺട്രാക്ട് സൊസൈറ്റികളെയും ഒഴിവാക്കി ഇതിൽ നിന്ന് മണൽ മാഫിയകളെയും പോലീസ് ഉദ്യോഗസ്ഥരെയും....... കോഴിക്കോടുള്ള അന്നത്തെ ജില്ലാ കളക്ടറെ പോലും മണൽ ലോറിയിടിച്ച് കൊല്ലാൻ ശ്രമിച്ച മണൽ മാഫിയകളുടെ ബിനാമികളും ചേർന്നാണ് ഇപ്പോൾ സൊസൈറ്റി നടത്തികൊണ്ടിരിക്കുന്നത്. മാഫിയകളുടെ ബിനാമി സൊസൈറ്റികൾ.... സൊസൈറ്റികളൊക്കെ തട്ടികൂട്ടി ഉണ്ടാക്കിയതാണ്. ഇതൊന്നും ശരിയായ രീതിയിൽ ഉണ്ടാക്കിയതല്ല. മാഫിയകൾക്കുവേണ്ടി സൊസൈറ്റി രൂപീകരിക്കാനുള്ള അവസരം സൃഷ്ടിച്ചുകൊണ്ട് ഉണ്ടാക്കിയ ഒരു ഓർഡറാണ് 2013-ൽ ഇറക്കിയത്. അതിനാൽ 2013-ൽ ഇറക്കിയ ഉത്തരവ് റദ്ദ് ചെയ്ത് പഴയതുപോലെ പോർട്ടുമായി ബന്ധപ്പെട്ട് നിൽക്കുന്ന പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും ഈ മണൽ കൊടുക്കുകയും ശരിയായ നിലയിൽ ആവശ്യക്കാർക്ക് ഈ മണൽ കിട്ടാൻ ആവശ്യമായ നിലപാട് സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ചത് വളരെ ഗൗരവമേറിയ പ്രശ്നമാണ്. ജില്ലാ കളക്ടർമാർപോലും മണൽ മാഫിയ സംഘത്തിന്റെ അതിക്രമങ്ങൾക്ക് വിധേയമായ പൂർവ്വകാല അനുഭവങ്ങൾ പറഞ്ഞത് സംഭവിച്ച കാര്യമാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് മണൽ മാഫിയ സംഘത്തിന്റെ അഴിഞ്ഞാട്ടം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റുകാര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി നയരൂപീകരണം ആവശ്യമായിട്ടുണ്ട്. സഹകരണ സംഘങ്ങൾക്ക് പഴയതുപോലെ മണൽ വാരുന്നതിന് അനുമതി നൽകാൻ പ്രയാസമുണ്ട്. മണൽ വാരൽ മാത്രമല്ല കപ്പൽ ചാനലുകളിലെ ചെളി നീക്കം ചെയ്യലാണ് പ്രധാനപ്പെട്ട പ്രശ്നം. തുറമുഖത്തിന്റെ ആഴം കൂട്ടുന്നതുമായി ബന്ധപ്പെട്ടാണ് ഡ്രെഡ്ജിംഗ് നടത്തുന്നത്. ഡ്രെഡ്ജിംഗ് രണ്ട് രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഒന്ന്, വിവിധ യന്ത്രോപകരണങ്ങളുടെ സഹായത്തോടെ നടത്തുന്ന മെക്കാനിക്കൽ ഡ്രെഡ്ജിംഗ്. രണ്ട്, മണൽ വാരൽ തൊഴിലാളികളെ ഉപയോഗിച്ച് നടത്തുന്ന മാനുവൽ ഡ്രെഡ്ജിംഗ്. മെക്കാനിക്കൽ ഡ്രെഡ്ജിംഗ് നടത്തുമ്പോൾ സർക്കാരിന്

സാമ്പത്തിക ബാദ്ധ്യത വരുന്നു. മാനുവൽ ഡ്രെഡ്ജിംഗ് നടത്തുമ്പോൾ നിലവിലെ അവസ്ഥയനുസരിച്ച് സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് വരുമാനം ലഭിക്കുകയും ചെയ്യും. ആദ്യകാലങ്ങളിൽ തദ്ദേശിയരാൽ രൂപീകൃതമായ ചെറു സംഘങ്ങളും വ്യക്തികളുമാണ് മാനുവൽ ഡ്രെഡ്ജിംഗ് നടത്തിയിരുന്നത്. അഴീക്കലിൽ മാത്രം ഏകദേശം 123 ലൈസൻസുകളാണ് മാനുവൽ ഡ്രെഡ്ജിംഗിനായി അന്ന് നൽകിയത്. 2006-07 കാലഘട്ടത്തിലാണ് വ്യക്തിഗത ലൈസൻസുകൾ റദ്ദാക്കി സൊസൈറ്റികൾക്ക് ലൈസൻസ് നൽകുന്ന രീതി തുടങ്ങിയത്. 1969-ലെ സഹകരണ നിയമപ്രകാരം ലിസ്റ്റ് ചെയ്യപ്പെട്ട സഹകരണ സംഘങ്ങൾക്ക് മാത്രമെ മാനുവൽ ഡ്രെഡ്ജിംഗിനുള്ള അനുമതിയുണ്ടാകൂ എന്ന പ്രധാന നിബന്ധനയോടെ 18.03.2010-ൽ 17/2010 നമ്പരിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം മാനുവൽ ഡ്രെഡ്ജിംഗിൽ ഏർപ്പെടുന്ന സഹകരണ സംഘങ്ങൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകളെ സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. മാനുവൽ ഡ്രെഡ്ജിംഗിന്റേയും ഡ്രെഡ്ജ് ചെയ്ത പദാർത്ഥങ്ങളുടെ വിതരണത്തേയും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനാണ് തുറമുഖ വകുപ്പ് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്തിയത്. മാനുവൽ ഡ്രഡ്ജിംഗ് സംബന്ധിച്ച പരാതികൾ വീണ്ടും

വന്നതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പരിഗണിക്കുന്നതിനായി ഇതുസംബന്ധിച്ച ഒരു നയം രൂപീകരിക്കുന്നതിനായി കോടതി നിർദ്ദേശമനുസരിച്ച് മാനുവൽ ഡ്രെഡ്ജിംഗിൽ ഏർപ്പെട്ടിരിക്കുന്ന സൊസൈറ്റികളെ സർക്കാർ നേരിൽ കേട്ടിരുന്നു. വകുപ്പുതലയോഗം ചേർന്ന് മാനുവൽ ഡ്രെഡ്ജിംഗ് സംബന്ധിച്ച നയരൂപീകരണത്തിൽ അന്തിമ തീരുമാനമെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പൊന്നാനി പോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് അങ്ങയുടെ സാന്നിദ്ധ്യത്തിൽ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ തുടർന്നും നടത്തുന്നതാണെന്നാണ് ഈ കാര്യത്തെക്കുറിച്ച് എനിക്ക് സഭയെ അറിയിക്കാനുള്ളത്.

സർക്കാർ ഗേൾസ് ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനം

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കാക്കനാട് ഗവൺമെന്റ് ഗേൾസ് ചിൽഡ്രൻസ് ഹോമിലെ ഇരുപതോളം കുട്ടികൾ 13.06.2016-ൽ അവരുടെ വാസസ്ഥലമായ കെട്ടിടത്തിന്റെ മുകളിൽ കയറി ആത്മഹത്യാഭീഷണി മുഴക്കുകയുണ്ടായി. അവർ കെട്ടിടത്തിന്റെ മുകളിൽ കയറിയതിനുശേഷം കോണി

എടുത്തുമാറ്റുകയുണ്ടായി. അവിടത്തെ ജില്ലാ കളക്ടറും മുനിസിപ്പൽ ചെയർ പേഴ്സണും ഞങ്ങളുമൊക്കെ മൂന്നുനാല് മണിക്കൂർ ചർച്ച നടത്തി അവരെ അനുനയിപ്പിച്ച് താഴെയിറക്കുകയുണ്ടായി. ആ കുട്ടികൾക്ക് വീട്ടിൽ പോകണമെന്നാണ് അവർ പ്രധാനമായും ഉന്നയിച്ച ആവശ്യം. അതിനുവേണ്ടി ബന്ധപ്പെട്ടപ്പോൾ വീട്ടുകാർ പലരും അവരെ കൊണ്ടുപോകാൻ തയ്യാറല്ല. രണ്ടാമത്തെ കാര്യം, ഈ സ്ഥാപനത്തിന്റെ സ്ഥിതി മെച്ചപ്പെടുത്തണമെന്നുള്ളതാണ്. അതിനെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തപ്പോൾ അവിടത്തെ സ്ഥിതി വളരെ മോശമാണ്. ജൂലൈ മാസം മുതൽ അവിടെ സൂപ്രണ്ട് ഇല്ല. സൂപ്രണ്ട് ഈ സ്ഥാപനത്തിൽ താമസിക്കണമെന്നാണ് നിയമം. ഈ സ്ഥാപനം തുടങ്ങിയ അന്നുമുതൽ ഡെപ്യൂട്ടി സൂപ്രണ്ടിനെ നിയമിച്ചിട്ടില്ല. രണ്ട് പ്രൊബേഷണൽ ഓഫീസർമാർ വേണ്ടതാണ്. അവരെയും നിയമിച്ചിട്ടില്ല. ഒരു പാർട്ട്ടൈം നേഴ്സ്, സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, ചൈൽഡ് ഇൻസ്പെക്ടർ എന്നിവർ വേണ്ടതാണ്. അവരാരും അവിടെയില്ല. അങ്ങനെ ഇല്ലായ്മകളുടെ വലിയൊരു കണക്കാണ് അവിടെനിന്നും കേൾക്കാൻ കഴിയുന്നത്. നമ്മൾ അക്ഷരാർത്ഥത്തിൽ പറയുന്നതുപോലെ ഒരു നാഥനില്ലാ കളരിയായി ആ സ്ഥാപനം മാറിയിരിക്കുകയാണ്. ഇത് പുതിയ മന്ത്രിയുടെ ഉത്തരവാദിത്തമാണെന്നൊന്നും ഞാൻ പറയുന്നില്ല. കേരളത്തിലെ പല

സ്ഥാപനങ്ങളിലും ഇതുപോലെയാണ് നടക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ ചിൽഡ്രൻസ് ഹോമിന് തൊട്ടടുത്തുതന്നെ കുട്ടിക്കുറ്റവാളികളെ താമസിപ്പിക്കുന്ന ഒരു ഒബ്സർവേഷൻ ഹോം ഉണ്ട്. ഈ രണ്ട് സ്ഥാപനങ്ങളും തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും വിളിക്കാവുന്ന അകലത്തിലും അതിന്റെ ജനലിൽക്കൂടിയൊക്കെ ബന്ധപ്പെടാൻ കഴിയുന്ന രീതിയിലുമാണ് സ്ഥാപിച്ചിരിക്കുന്നത്. അത് അടിയന്തരമായി അവിടെനിന്നും മാറ്റി സ്ഥാപിക്കാനുള്ള ചില നടപടികളൊക്കെ നേരത്തെ ആരംഭിച്ചതിന്റെ ഫലമായി അവിടെ കെട്ടിടം പണിയൊക്കെ നടക്കുന്നുണ്ട്. ഈ രണ്ട് കെട്ടിടത്തിന്റെയും പണി നടക്കുന്നുണ്ടെങ്കിലും അത് വളരെ സാവധാനത്തിലാണ്. വീണ്ടും ചർച്ച നടത്താമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ദിവസം (16-ാം തീയതി) ഞങ്ങൾ വീണ്ടും യോഗം കൂടിയിരുന്നു. അടിയന്തരമായി ഗവൺമെന്റ് ഗേൾസ് ചിൽഡ്രൻസ് ഹോമിന്റെ പ്രശ്നങ്ങൾ പരിഹരിക്കണം. അവിടത്തെ ജീവനക്കാർക്ക് ഇൻസർവ്വീസ് കോഴ്സ് കൊടുക്കണം. കുട്ടികളോട് നന്നായി പെരുമാറാൻ ജീവനക്കാരെ പഠിപ്പിക്കണം. നല്ല രീതിയിൽ ആ കുട്ടികളോട് ഇടപഴകാൻ കഴിയണം. അവർക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങളെല്ലാം കൃത്യസമയത്ത് കൊടുക്കണം. ഇക്കാര്യത്തെക്കുറിച്ച് മന്ത്രിയോട് ഞാൻ സംസാരിച്ചിരുന്നു.

ബഹുമാനപ്പെട്ട ഗവൺമെന്റും പ്രത്യേകിച്ച് മന്ത്രിയും ഈ കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. ചിൽഡ്രൻസ് ഹോമിൽ ഇത്തരത്തിലുള്ള പ്രശ്നം നടക്കുന്നുവെന്ന വാർത്ത മാദ്ധ്യമങ്ങളിലൂടെ വന്നപ്പോഴാണ് ഞാൻ ആദ്യമായി അറിയുന്നത്. അപ്പോൾത്തന്നെ ഞാൻ എറണാകുളം ജില്ലാ കളക്ടറെ വിളിക്കുകയും കളക്ടർ അവിടെ ബന്ധപ്പെടുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെ പ്രയാസപ്പെട്ടാണ് എല്ലാവരും ചേർന്ന് ഈ കുട്ടികളെ താഴെയിറക്കി അല്പമെങ്കിലും ശാന്തരാക്കിയത്. ഇത്തരം സ്ഥാപനങ്ങളെല്ലാം ഇപ്പോൾ എത്രമാത്രം അരക്ഷിതമായിട്ടാണ് നിൽക്കുന്നതെന്നുള്ളതിന്റെ സൂചന കൂടിയാണിത്. കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയവും സംസ്ഥാന സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നതാണ് ഈ സ്ഥാപനം. സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ കീഴിലാണ് ഈ ഹോം പ്രവർത്തിക്കുന്നത്. ഇവിടെ 100 കുട്ടികളെ സംരക്ഷിക്കാനുള്ള അനുവാദമാണുള്ളത്. നിലവിൽ 73 കുട്ടികളാണ് ഈ സ്ഥാപനത്തിലുള്ളത്. അതിൽ 30 കുട്ടികൾ വിവിധ

ബോർഡിംഗ് ഹോമുകളിലും മറ്റും താമസിച്ച് വിദ്യാഭ്യാസം നടത്തിവരുന്നുണ്ട്. 18 കുട്ടികൾ അവധിയെടുത്ത് അവരവരുടെ വീടുകളിൽ പോയിരിക്കുന്നു. ബാക്കി 25 കുട്ടികളാണ് ഇപ്പോൾ സ്ഥാപനത്തിലുള്ളത്. ഇതിൽ 17 കുട്ടികൾ ഹോമിൽനിന്നും ദിവസേന സ്കൂളിൽ പോയി പഠനം നടത്തുന്നവരാണ്. ഇവർക്ക് പ്രത്യേക ശ്രദ്ധയും സംരക്ഷണവും ആവശ്യമുണ്ട്. കേന്ദ്ര സർക്കാർ നിഷ്കർഷിച്ച പ്രകാരം ഒരു കുട്ടിക്ക് പ്രതിമാസം 2000 രൂപ എന്ന നിരക്കിൽ ദൈനംദിന ചെലവുകൾക്കുള്ള തുക അനുവദിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ ഹോമിന്റെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന തുകയുടെ 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്. ഇതിനുപുറമെ കുട്ടികളുടെ വിദ്യാഭ്യാസപരമായ ചെലവുകൾ, വൈദ്യസഹായത്തിനുള്ള ചെലവുകൾ എന്നിവ സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നുണ്ട്. സ്ഥാപനത്തിൽ ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ പദ്ധതി പ്രകാരം പഠിക്കുന്ന കുട്ടികൾക്കുള്ള ഫീസ്, മറ്റ് അനുബന്ധ ചെലവുകൾ, ട്യൂഷൻ ഫീസ് എന്നിവ ഐ.സി.പി.എസ്.ന്റെ സംസ്ഥാന ഫണ്ടിൽനിന്നും അനുവദിച്ചുവരികയാണ്. കൂടാതെ കുട്ടികൾക്കാവശ്യമായ വസ്ത്രങ്ങൾ, ഫർണിച്ചറുകൾ, പഠന സാമഗ്രികൾ എന്നിവയ്ക്കാവശ്യമായ തുക ഐ.സി.പി.എസ്. ഓഫീസിൽനിന്നും അനുവദിക്കുന്നുണ്ട്. വിവിധ പ്രശ്നങ്ങളിൽപ്പെട്ട് ശ്രദ്ധയും

സംരക്ഷണവും ആവശ്യമായ കുട്ടികളാണ് ഈ സ്ഥാപനത്തിൽ താമസിച്ചുവരുന്നത്. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരമാണ് കുട്ടികളെ സ്ഥാപനത്തിൽ പ്രവേശിപ്പിക്കുന്നത്. പല കുട്ടികളും പീഡനത്തിനിരയായ കുട്ടികളാണ്. കുട്ടികളുന്നയിക്കുന്ന പ്രധാന ആവശ്യം അവർക്ക് സ്വന്തം വീടുകളിൽ പോകണമെന്നാണ്. വളരെ ഹൃദയഭേദകമായിട്ടുള്ള അനുഭവമാണിത്. അവർക്ക് വീടുകളിൽ പോകണം, രക്ഷിതാക്കളുടെകൂടെ താമസിക്കണം എന്ന വല്ലാത്ത ആഗ്രഹമുണ്ട്. പക്ഷേ മാതാപിതാക്കൾ അവരെ സ്വന്തം വീടുകളിൽ കൊണ്ടുപോകാൻ താല്പര്യപ്പെടുന്നില്ല. പുതിയ തലമുറയിലെ കുട്ടികൾ അനുഭവിക്കുന്ന ഒറ്റപ്പെടലിന്റെ ദു:ഖകരമായ സൂചനയാണിത്. അതിന്റെ മാനസികാസ്വസ്ഥതയും സംഘർഷവും ഈ കുട്ടികൾ അനുഭവിക്കുകയാണ്. അതുകൊണ്ട് ഈ കുട്ടികളുടെ മാനസിക സംഘർഷത്തിന് അയവുവരുത്താനുള്ള കൗൺസിലിംഗും മറ്റും നടത്താൻവേണ്ടി നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്രമായ ഒരു റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചിൽഡ്രൻസ് ഹോമുകളിലെല്ലാം സ്റ്റാഫ് വളരെ കുറവാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഇവിടെ മാത്രമല്ല ധാരാളം ചിൽഡ്രൻസ് ഹോമുകളിലും ഈ പ്രശ്നമുണ്ട്. സാമൂഹ്യനീതി വകുപ്പ്

ഡയറക്ടറുമായി ഇന്നലെ ഞാൻ ഇക്കാര്യം ചർച്ച ചെയ്തു. നിലവിലുള്ള ഇത്തരം നിരവധി ഹോമുകളിൽ സൂപ്രണ്ടുമാരില്ലെന്നുള്ളതാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. സൂപ്രണ്ടിന് താഴെയുള്ള തസ്തികകളില്ല, ആവശ്യമായ വാർഡനില്ല. ഇത്തരത്തിലുള്ള നിരവധി പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ചിലതിൽ പോസ്റ്റ് ക്രിയേഷനും നടന്നിട്ടില്ല. പോസ്റ്റുള്ളിടത്ത് നിയമനം നടന്നിട്ടില്ല. ഏതെങ്കിലുമൊരു ആളിന്റെ നേതൃത്വത്തിൽ ഇത്തരം സ്ഥാപനങ്ങൾ നടന്നുപോകുകയാണ് എന്നുള്ളതാണ് ദു:ഖകരമായ വസ്തുത. അതുകൊണ്ട് ചിൽഡ്രൻസ് ഹോമിൽ സൂപ്രണ്ടിന്റേയും ഡെപ്യൂട്ടി സൂപ്രണ്ടിന്റേയും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ അടിയന്തരമായി നികത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാർട്ട്ടൈം സൈക്കോളജിസ്റ്റ്, കൗൺസിലർ എന്നിവരുടെ സേവനം ഉടനെ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുട്ടികളെ താമസിപ്പിക്കുന്നതിന് ഇവിടെ സ്ഥലപരിമിതിയുണ്ട്. ഇത് പരിഹരിക്കുന്നതിന് ഈ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകളിലത്തെ നിലയുടെ നിർമ്മാണ ജോലികൾ വേഗതയിലാക്കാൻവേണ്ടി നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെയും ഇതുപോലെയുള്ള മറ്റ് സ്ഥാപനങ്ങളുടെയും പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനുള്ള അടിയന്തര നിർദ്ദേശം വകുപ്പിൽനിന്നും കൊടുത്തിട്ടുണ്ട്.

ടോൾ പിരിവ്

ശ്രീ. അനൂപ് ജേക്കബ്: സർ, ടോൾ പിരിവ് നിർത്തലാക്കുന്നതിനായി ഗവൺമെന്റ് ഒരു സമീപനം സ്വീകരിക്കുന്നു എന്നുള്ളത് ഏറെ സ്വാഗതാർഹമാണ്. ഇതിന്റെ പശ്ചാത്തലവുമായി ബന്ധപ്പെട്ട് എന്റെ നിയോജക മണ്ഡലത്തിൽ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ തിരുവാങ്കുളം പ്രദേശത്ത് ചിത്രപ്പുഴ പാലത്തിലും തൃപ്പൂണിത്തുറ റെയിൽവേ ഓവർ ബ്രിഡ്ജിലും ടോളുകൾ പിരിക്കുന്നുണ്ട്. സീ പോർട്ട് - എയർ പോർട്ട് റോഡിൽ 20 വർഷമായി ടോൾ പിരിവ് നടക്കുന്നു എന്നുള്ളതാണ്. തൃപ്പൂണിത്തുറ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മിതിക്കാവശ്യമായ തുകയ്ക്ക് അന്ന് റിഫൈനറിയുടെ ധനസഹായമുണ്ടായിട്ടുണ്ട് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ രണ്ട് പാലങ്ങളുടെയും നിർമ്മിതിക്കാവശ്യമായതിലും കൂടുതൽതുക ടോൾ ഇനത്തിൽ ലഭിച്ചു എന്നുള്ളത് വിവരാവകാശ നിയമപ്രകാരം ലഭ്യമായിട്ടുള്ളതുമാണ്. ഇത് ആർ.ബി.ഡി.സി.യുടേതാണെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഇത് രണ്ടും നിർത്തലാക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. തേവര - കുണ്ടന്നൂർ പാലത്തിന്റെ ടോൾ പിരിവ് നിർത്തലാക്കി. തൃപ്പൂണിത്തുറ മിനി ബൈപ്പാസിന്റെ ടോൾ പിരിവ് ആരംഭിച്ചിട്ട്

രണ്ടുവർഷമേ ആയിട്ടുള്ളൂ. അത് നിർത്തലാക്കി. അതിനേക്കാൾ വളരെ മുമ്പേ ഇവിടെ ടോൾ പിരിവ് ആരംഭിച്ചിരുന്നതാണ്. അതുകൊണ്ട് പ്രയോറിറ്റി അനുസരിച്ച് ഈ രണ്ട് ടോൾ പിരിവുകളും നിർത്തലാക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കൊച്ചി-മധുര ദേശീയപാതയിൽ എസ്.എൻ. ജംങ്ഷൻ, ഇരുമ്പനം എന്നിവിടങ്ങളിൽ റെയിൽവേ മേൽപ്പാലം, എയർപോർട്ട്-സീപോർട്ട് റോഡ് എന്നിവയുടെ നിർമ്മാണത്തിന് കേരളസർക്കാർ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ 17.12.2004-ൽ ചുമതലപ്പെടുത്തി. റോഡ് ഫണ്ട് ആക്ട് പ്രകാരം ധനകാര്യസ്ഥാപനങ്ങളിൽനിന്ന് കടമെടുത്താണ് നിർമ്മാണം നടത്തിയത്. ഈ മേൽപ്പാലങ്ങളുടെയും എയർപോർട്ട്-സീപോർട്ട് ഹൈവേയുടെയും നിർമ്മാണച്ചെലവ് 34,27,66,501 രൂപയാണ്. നിലവിലുള്ള നിയമപ്രകാരം പി.ഡബ്ല്യു.ഡി., കെ.ആർ.എഫ്.ബി., ആർ.ബി.ഡി.സി. എന്നിവ ചേർന്ന് 2004 ഡിസംബർ 17-നാണ് എഗ്രിമെന്റ് ഒപ്പുവച്ചത്. വായ്പാത്തുക പലിശസഹിതം അടയ്ക്കേണ്ടത് 15 വർഷമാണ്. അതായത് 2019-ലാണ് കാലാവധി അവസാനിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ 20 വർഷമായി

നിലനില്ക്കുന്നുവെന്നുപറഞ്ഞത് ശരിയല്ല. 2004-ലാണ് ഇത് ഒപ്പുവച്ചത്. 2019-ലാണ് കാലാവധി അവസാനിക്കുന്നത്. ആർ.ബി.ഡി.സി. നിർമ്മിക്കുന്ന എല്ലാ റെയിൽവേ മേൽപ്പാലങ്ങൾക്കും ടോൾ പിരിക്കുന്നതിന് നിയമപ്രകാരം ആദ്യകാലംമുതൽക്കേ അവരെ ചുമതലപ്പെടുത്തിയിരുന്നു. ഇരുമ്പനം റെയിൽവേ മേൽപ്പാലം, എയർപോർട്ട്-സീപോർട്ട് റോഡ്, തൃപ്പൂണിത്തുറ എസ്.എൻ. ജംങ്ഷൻ റെയിൽവേ മേൽപ്പാലം എന്നീ മൂന്ന് പദ്ധതികൾക്കാണ് പാക്കേജായി ടോൾ പിരിക്കുന്നത്. ചിത്രപ്പുഴ പാലത്തിനുവേണ്ടി മാത്രമായി പിരിക്കുന്നില്ലായെന്നാണ് റോഡ് ഫണ്ട് കോർപ്പറേഷന്റെ നിലപാട്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ടോൾ പിരിവുകൾ പ്രോത്സാഹിപ്പിക്കുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ദേശീയപാതയിലുള്ള നാല് ടോളുകളും കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ച് നിർത്തലാക്കിത്തന്നിരിക്കുകയാണ്. കൂടാതെ എം.എൽ.എ. ശ്രീ. എം. സ്വരാജിന്റെ അഭ്യർത്ഥനപ്രകാരം വിളിച്ചുകൂട്ടിയ യോഗത്തിൽവച്ച് തൃപ്പൂണിത്തുറ മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി.യുടെ ഒരു ടോളും അവസാനിപ്പിക്കുകയുണ്ടായി. ഇത് കേന്ദ്രഗവൺമെന്റിന്റേതല്ല. സംസ്ഥാന ഗവൺമെന്റിന്റെ പി.ഡബ്ല്യൂ.ഡി.യുടെ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മാത്രമാണ് ആർ.ബി.ഡി.സി. ഇത് അവർ ഒപ്പുവച്ചിട്ടുള്ളതാണ്. ഇതിനകത്തുള്ള ഒരു

പ്രശ്നം എന്താണെന്നുവച്ചാൽ 2004-ലാണ് എഗ്രിമെന്റ് ഒപ്പുവച്ചത്. ഈ കരാറുകാരന് എത്ര പൈസ കിട്ടിയെന്ന് അറിയേണ്ടതായിട്ടുണ്ട്. ആർ.ബി.ഡി.സി.ൽ അടയ്ക്കേണ്ട പൈസ മാത്രം അടച്ചുകൊണ്ടിരിക്കുകയാണ്. 34 ലക്ഷം രൂപയാണ് ആകെ അടയ്ക്കാനുള്ളത്. ഇതുവരെ 27 ലക്ഷം രൂപ അടച്ചിട്ടുണ്ട്. ബാക്കി 7 ലക്ഷം രൂപ മാത്രമേയുള്ളൂ. അതുകഴിഞ്ഞുള്ളത് കരാറുകാരൻ എടുക്കുകയാണ്. അതുകൊണ്ട് ഈ കരാറിന്റെ വിശദമായ വശങ്ങളെപ്പറ്റി ഗവൺമെന്റ് അന്വേഷിക്കാൻ പോകുകയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം അയാൾക്ക് വലിയ തുക കിട്ടിയിട്ടുണ്ട്. അതുകൊണ്ട് ഇവിടെ എനിക്ക് പ്രഖ്യാപിക്കാനുള്ളത് കേരളപ്പിറവിയുടെ തലേദിവസം രാത്രി അതായത് ഒക്ടോബർ 31 മുതൽ ഈ പറയുന്ന ടോളുകൾ നിർത്തലാക്കും.

പ്ലസ് ടു സ്കൂളുകൾ അനുവദിക്കൽ

ശ്രീ. സി. ദിവാകരൻ: സർ, വളരെ ദാരുണമായ ഒരനുഭവമാണ് എന്റെ മണ്ഡലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയെന്നത് നമ്മുടെ എല്ലാവരുടെയും ലക്ഷ്യമാണ്. നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എല്ലാ വിഷയത്തിനും എ 1 വാങ്ങുന്ന കുട്ടികൾക്കുപോലും പ്ലസ് വൺ-ലും പ്ലസ് ടു-വിലും തുടർന്നുപഠിക്കാൻ സാധിക്കുന്നില്ല. 18-ൽപരം

ഹൈസ്കൂളുകളുള്ളതിൽ പാസ്സാകുന്ന 50 ശതമാനം കുട്ടികൾക്കുപോലും ഉപരിപഠനത്തിന് (പ്ലസ് വൺ) അഡ്മിഷൻ കിട്ടുന്നില്ല. വിദ്യാഭ്യാസ സൗകര്യങ്ങൾ നിഷേധിക്കുന്ന ഒരവസ്ഥ ഒരു മണ്ഡലത്തിൽ ഉണ്ടാകാമോ; എല്ലാവരും നന്നായി പഠിക്കണം, നന്നാകണം എന്നുപറയുമ്പോൾ ഭരണഘടനയുടെ ലംഘനമാണ് ഇവിടെ നടക്കുന്നത്. ഇവരെ പഠിക്കാൻ അനുവദിക്കുന്നില്ല; അഡ്മിഷൻ കൊടുക്കുന്നില്ല; സ്ട്രെങ്ത് ഇല്ല; പ്ലസ് വൺ-ന് പഠിക്കാൻ കഴിയുന്നില്ല. എല്ലാ കുട്ടികളും പ്രൈവറ്റ് മേഖലയിലേക്ക് പോകുകയാണ്. നമ്മുടെ മണ്ഡലത്തിൽ ഇതുണ്ടായാൽ എന്താണ് അവസ്ഥ? ഇതാണ് എന്റെ വിഷയം. ഗവൺമെന്റ് ആലോചിച്ച് ഇവർക്ക് പഠിക്കാനുള്ള ഒരു സംവിധാനമുണ്ടാക്കണം. കുട്ടികളെ കൂട്ടത്തോടെ പ്രൈവറ്റ് മേഖലയിലേക്ക് അയയ്ക്കുന്നത് എന്തിനാണ്? അതുകൊണ്ട് പ്ലസ് വൺ ഇല്ലാത്ത സ്ഥലങ്ങളിൽ അത് അനുവദിക്കണം, സ്റ്റാഫിന്റെ കുറവുണ്ടെങ്കിൽ അത് പരിശോധിക്കണം. അതുമല്ലെങ്കിൽ ഹൈസ്കൂളിൽ നിന്ന് പാസ്സാകുന്നവർക്ക് തൊട്ടടുത്തുള്ള ഹയർസെക്കണ്ടറി സ്കൂളിൽ അഡ്മിഷൻ നൽകാനുള്ള അനുവാദം കൊടുക്കണം, അതിനാവശ്യമായിട്ടുള്ള സൗകര്യം ചെയ്തു കൊടുക്കണം. ഇത് രണ്ടും ചെയ്യുന്നില്ല. ഗുരുതരമായ അവസ്ഥയാണിത്. ബഹുമാനപ്പെട്ട സ്പീക്കർക്ക് ഈ അനുഭവമുള്ളതാണ്. അങ്ങയുടെ മണ്ഡലത്തിലുമുണ്ട്.

അവിടെനിന്ന് പരാതിയുമായി എന്റെയടുത്തു വന്നിട്ടുണ്ട്. അഡ്മിഷൻ കിട്ടുന്നില്ല; ആളുകൾ കോഴ വാങ്ങാൻ നടക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സയൻസ് വിഷയങ്ങൾക്ക് 1380, ഹ്യൂമാനിറ്റീസിന് 830, കൊമേഴ്സിന് 340 എന്നിങ്ങനെ ആകെ 2550 സീറ്റുകളാണുള്ളത്. ഈ വർഷത്തെ പ്ലസ് വൺ പ്രവേശന നടപടിക്രമങ്ങൾ പൂർത്തിയായപ്പോൾ ഈ സ്കൂളുകളിലെ 282 സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. ഇതുൾപ്പെടെ തിരുവനന്തപുരം ജില്ലയിൽ 2532 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. അങ്ങനെ സംസ്ഥാനതലത്തിൽ പതിനായിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഹയർ സെക്കണ്ടറി കോഴ്സിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നതിന് പുറമേ വിദ്യാർത്ഥികൾക്ക് വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഐ.ടി.ഐ, ഐ.ടി.സി., പോളിടെക്നിക്ക് എന്നീ കോഴ്സുകളിലേക്കും പ്രവേശനം തേടാവുന്നതാണ്. ഏതെങ്കിലും വിദ്യാർത്ഥിക്ക് പ്ലസ് വൺ പ്രവേശനം ലഭ്യമായിട്ടില്ലെങ്കിൽ അവർക്ക് ഓപ്പൺ സ്കൂൾ മുഖാന്തിരം പഠനത്തിനുള്ള സൗകര്യം സർക്കാർ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളോ ബാച്ചുകളോ അനുവദിക്കുവാൻ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.

വിവിധ കോടതിവിധികളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ആവശ്യകത കുറച്ചുകൂടി ശാസ്ത്രീയമായ രീതിയിൽ കണക്കാക്കിയശേഷം ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കും.